പള്ളിക്കൽ പഞ്ചായത്തിലെ പഞ്ചായത്തു റോഡുകളുടെ മെയിൻറനൻസ്

806 [974] ശ്രീമതി ഭാർഗവീ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിലെ പഞ്ചായത്തു റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡിൻെറ മെയിൻറനൻസിന് വേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ മെയിൻറനൻസ് പണികൂടി നടത്താനുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിൻെറ ധനസ്ഥിതി അനുസരിച്ച് പുനരുദ്ധാരണ പണികൾ കഴിവതും വേഗം ചെയ്യുന്നതാണ്.

(സി) ഒരു ലക്ഷം രൂപ.

(ഡി) 50 എണ്ണം.

നാദാപുരം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ

807 [976] ശ്രീ. കെ. ടി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം പഞ്ചായത്ത് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിലുണ്ടാവുന്ന പ്രതിധ്വനി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇതുസംബന്ധിച്ച് പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ല. അങ്ങനെ ലഭിക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

ഏഴിന പരിപാടിയനുസരിച്ചുള്ള "കമ്മ്യൂണിറ്റി ഹാൾ" നിർമ്മാണം പൂർത്തിയാകാത്ത പഞ്ചായത്തുകൾ

808 [977] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിന പരിപാടിയനുസരിച്ചുള്ള "കമ്മ്യൂണിറ്റി ഹാൾ" നിർമ്മാണം പൂർത്തിയാകാത്ത എത്ര പഞ്ചായത്തുകളാണ് സംസ്ഥാനത്തുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് അവ പൂർത്തിയാക്കുന്നതിന് സാമ്പത്തിക സഹായം നൽകാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) 41 പഞ്ചായത്തുകൾ

(ബി) സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പഞ്ചായത്തുകൾക്ക് ഇതിനകം തന്നെ വസ്തു കൈമാറ്റ നികുതിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. അർഹിക്കുന്ന പഞ്ചായത്തുകൾക്ക് ഇനിയും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധിച്ച കേസ്

809 [978] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടിയന്തിരമായി നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേസ്സിൽ സർക്കാർ കോടതിയിൽ സമർപ്പിച്ച മറുപടി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. (ജില്ലാപൗരസമിതി, കോട്ടയം)

(ബി) പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി വരികയാണ്. പഞ്ചായത്തുകളിലെ വാർഡ് വിഭജനം സംബന്ധിച്ച് 40 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 89 റിവിഷൻ ഹർജികളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. കൂടാതെ, സംസ്ഥാനത്തിലെ റവന്യൂ വില്ലേജുകളുടെയും പഞ്ചായത്തുകളുടെയും അതിർത്തികൾ ഏകീകരിക്കാനുള്ള ഒരു പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതുവരെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള തീയതി നിശ്ചയിക്കാൻ കഴിയുകയില്ല. ഇത്തരത്തിലുള്ള ഒരു മറുപടി കോടതിയെ അറിയിക്കാൻ വേണ്ടി അഡ്വക്കേറ്റ് ജനറലിന് അയച്ചിട്ടുണ്ട്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധിച്ച കോടതി അന്വേഷണം

810 [979] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. പി. പ്രഭാകരൻ:
,, കെ. ററി. കുമാരൻ:
,, കെ. ഇ. ഇസ്മയിൽ:
,, കെ. ആർ. ചന്ദ്രമോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly